വൈദ്യുതി ഉപഭോക്താക്കൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ നടപടി

61 (900) ശ്രീ. കെ. എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി കണക്ഷൻ നൽകുമ്പോൾ ഉപഭോക്താവിന്റെ ചെലവിൽ മീറ്ററും, ട്രാൻസ്ഫോർമറും സ്ഥാപിക്കണമെന്ന വൈദ്യുതി ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ബി) ഇതുമൂലം ഉപഭോക്താക്കൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) വൈദ്യുതി കണക്ഷൻ നൽകുമ്പോൾ ഉപഭോക്താവിന്റെ ചെലവിൽ മീറ്ററും, കറണ്ട് ട്രാൻസ്ഫോർമറും സ്ഥാപിക്കണമെന്ന ഒരു ഉത്തരവ് ബോർഡ് പുറപ്പെടുവിക്കുകുണ്ടായി. കറണ്ട് ട്രാൻസ്ഫോർമർ ഉയർന്ന അളവിലുള്ള വൈദ്യുതി ഉപയോഗിക്കുമ്പോൾ മീറ്ററിന്റെ അനുബന്ധമായി ഘടിപ്പിക്കേണ്ട ഒരു ഉപകരണമാണ്. ഗാർഹിക ഉപഭോക്താക്കൾക്ക് ഇത് ബാധകമല്ല. എന്നാൽ കറണ്ട് ട്രാൻസ്ഫോർമർ എന്നത് വൈദ്യുതി സിസ്റ്റത്തിൽ ഉപയോഗിക്കുന്ന സാധാരണ ട്രാൻസ്ഫോർമർ ആണെന്ന് പൊതുജനങ്ങളുടെ ഇടയിൽ ഒരു തെറ്റിദ്ധാരണ ഉണ്ടായിട്ടുണ്ട്. ഇന്ത്യൻ ഇലക്ട്രിസിറ്റി ആക്ട് 1910 സെക്ഷൻ 26 അനുസരിച്ച് മീറ്ററുകൾ വാങ്ങുന്നതിന്റെയും സൂക്ഷിക്കേണ്ടതിന്റെയും ചുമതല കൺസ്യൂമർക്കാണ്. കേടായ മീറ്ററുകളെ സംബന്ധിച്ച് ഉപഭോക്താക്കളുടെ ഇടയിൽ അസംതൃപ്തി നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടതിനാൽ അവർക്ക് സ്വീകാര്യമായ മീറ്ററുകൾ സ്ഥാപിക്കുന്നതിനും കൂടിയാണ് ഇത്തരത്തിൽ ഒരുത്തരവ് ഇറക്കിയത്. മറ്റു വൈദ്യുതി ബോർഡുകളിലും ഈ സമ്പ്രദായമാണ് നിലവിലുള്ളത്. എന്നിരുന്നാലും കൂടുതൽ പരിശോധനയ്ക്കായി ഈ ഉത്തരവ് മരവിപ്പിച്ചിരിക്കുകയാണ്.

വൈദ്യുതി ബോർഡിന്റെ വായ്പാ ബാദ്ധ്യതകൾ

62 (901) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. കെ. ബാബു :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly